# മഹാഭാരത കഥകൾ

1157
245



## ബാല സാഹിത്യം

കേരള വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റ്

1157

# മഹാഭാരതകഥകൾ

245

ആർ. നാരായണപ്പണിക്കർ

1157

## ഉള്ളടക്കം


1. ഭരതന്റെ കഥ
2. ഭീഷ്മപ്രതിജ്ഞ
3. ഗുരുദക്ഷിണ (1)
4. ഗുരുദക്ഷിണ (2)
5. ഒരു സ്ത്രീയുടെ വീരവ്രതം
6. കുന്തിയുടെ ദീനാനുകമ്പ
7. ഒരു ചിരി വരുത്തിയ വിന
8. ഒരു വീരവനിത

# മഹാഭാരതകഥകൾ

## 1. ദുഷ്ഷന്തനും ഭരതനും

പണ്ടു് വിശ്വാമിത്രൻ എന്ന ഒരു മഹർഷി ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ തപസ്സു മുടക്കാനായി ഇന്ദ്രൻ മേനക എന്നൊരു അപ്സരസ്ത്രീയെ അയച്ചു. ആ മഹർഷിക്കു മേനകയിൽ ഒരു പെൺകുട്ടി ജനിച്ചു. പ്രസവിച്ച ഉടനെ തന്നെ മേനക കുട്ടിയെ ഒരു കൊടുങ്കാട്ടിൽ തള്ളിയിട്ടു് പൊയ്ക്കളഞ്ഞു. ശകുന്തങ്ങൾ (പക്ഷികൾ) ആ കുഞ്ഞിനെ വളർത്തി.

ഒരു ദിവസം ആ വഴിക്കു പോയ കണ്വൻ എന്ന മഹർഷി ആ കുട്ടിയെ എടുത്തു് തന്റെ ആശ്രമത്തിലേക്കു കൊണ്ടുപോയി. ശകുന്തങ്ങളാൽ വളർത്തപ്പെട്ടവളായിരുന്നതിനാൽ, ശകുന്തള എന്ന പേരും നല്കി. അവൾ വെളുത്ത പക്ഷത്തിലെ ചന്ദ്രക്കലപോലെ വളർന്നുവന്നു. രൂപത്തിലും സ്വഭാവഗുണത്തിലും അവൾക്കു കിടയായി മറെറാരു കന്യകയും ഉണ്ടായിരുന്നില്ല.

അങ്ങനെ ഇരിക്കെ, ഒരു ദിവസം ഹസ്തിനപുരം വാണിരുന്ന ദുഷ്ഷന്തരാജാവു് വേട്ടയ്ക്കായി കണ്വാശ്രമത്തിനടുത്തുള്ള കാട്ടിൽ വന്നു. പന്നി, പുലി, സിംഹം മുതലായ കാട്ടുമൃഗങ്ങളെ അദ്ദേഹം കൊന്നൊടുക്കി.

മദ്ധ്യേ വഴിയിൽ അദ്ദേഹം വിശപ്പും ദാഹവും കൊണ്ടു വലഞ്ഞു. ആ വൻകാട്ടിലൂടെ നടന്നു് നടന്നു്, അദ്ദേഹം കണ്വാശ്രമത്തിൽ എത്തി. ആശ്രമത്തിൽ പൂത്തും തളിർത്തും നില്ക്കുന്ന മരങ്ങൾ പൂക്കളിൽ നിന്നുള്ള തേനിനീർ തളിച്ചു് അദ്ദേഹത്തെ സ്വീകരിച്ചു. നറുമണം വഹിച്ചുകൊണ്ടു വന്ന ഇളംതെന്നൽ തെരുതെരെ വീശി അദ്ദേഹത്തിന്റെ ക്ഷീണം ആററി. കിളികൾ മധുരമായ ഗാനങ്ങൾ വഴിക്കു് അദ്ദേഹത്തിന്റെ ചെവികളിൽ അമൃതധാരചൊരിഞ്ഞു. മൃഗങ്ങൾ ജാതിവൈരം വെടിഞ്ഞു് അവിടെ സൈ്വരമായി ചരിക്കുന്നതു് കണ്ടപ്പോൾ രാജാവിനു് അളവററ അത്ഭുതമുണ്ടായി.

അദ്ദേഹം ആശ്രമത്തിന്റെ വാതുക്കൽ തട്ടിയിട്ടു് "ഇവിടെ ആരുമില്ലേ?" എന്നു ചോദിച്ചു. അപ്പോൾ ശകുന്തള വന്നു് വാതിൽ തുറന്നു. മധുരമായ സ്വരത്തിൽ അവൾ രാജാവിനു് സ്വാഗതം അരുളി. കുശലപ്രശ്നങ്ങൾക്കു ശേഷം ശകുന്തള രാജാവിനു പഴങ്ങളും നറുതേനും കൊണ്ടു ചെന്നു കൊടുത്തു. വിശപ്പും ദാഹവും ശമിച്ചപ്പോൾ രാജാവു് ശകുന്തളയെപ്പററിയുള്ള വിവരങ്ങൾ ചോദിച്ചറിഞ്ഞു.

രണ്ടുപേർക്കും അന്യോന്യം അനുരാഗമുണ്ടായി. ഗാന്ധർവ്വവിധി പ്രകാരം ദുഷ്ഷന്തൻ അവളെ സ്വീകരിച്ചു. ഏതാനും ദിവസം കഴിഞ്ഞു് രാജാവു് പറഞ്ഞു.—

"ദേവിയുടെ വളർത്തച്ഛൻ ഇപ്പോൾ ഇവിടെ ഇല്ലല്ലോ. ഞാൻ കൊട്ടാരത്തിൽ ചെന്നിട്ടു് ചതുരംഗപ്പടയോടുകൂടി തിരിച്ചു വരാം. കണ്വ

മഹർഷിയുടെ അനുഗ്രഹത്തോടുകൂടി നമുക്ക് അപ്പോൾ ഹസ്തിനപുരത്തേക്കു പോകാം.


ദുഷ്ഷന്തൻ നഗരത്തിലേക്കു മടങ്ങി. അല്പദിവസങ്ങൾക്കുള്ളിൽ കണ്വൻ തിരിച്ചുവന്നു. ശകുന്തള ലജ്ജിച്ചു തലതാഴ്ത്തി നില്ക്കുന്നതു കണ്ട്, കണ്വൻ വിവരങ്ങൾ ചോദിച്ചറിഞ്ഞു. ഒടുവിൽ അദ്ദേഹം പറഞ്ഞു:—
നീ ഭയപ്പെടേണ്ട! ഈശ്വരനിശ്ചയംപോലെ നിനക്ക് ഒരു ഉത്തമനായ ഭർത്താവിനെ ലഭിച്ചു.

ദുഷ്ഷന്തൻ പോയപ്പോൾ ശകുന്തള ഗർഭം ധരിച്ചിരുന്നു. ഒടുവിൽ ചക്രവർത്തിലക്ഷണങ്ങൾ എല്ലാം തികഞ്ഞ ഒരു പുത്രനെ അവൾ പ്രസവിച്ചു. ദേവന്മാർ ആ സമയത്ത് പുഷ്പവർഷം ചൊരിഞ്ഞു. അപ്സരസ്ത്രീകൾ വായ്ക്കുരവ ഇടുകയും പാടുകയും ആടുകയും ചെയ്തു.

കണ്വമുനി ബാലന്റെ ജാതകർമ്മങ്ങൾ മുറയ്ക്കു നടത്തി. അവന് 'ഭരതൻ' എന്നപേരും ഇട്ടു. ശിശുപ്രായത്തിൽ തന്നെ ഈ ഭരതൻ അത്ഭുതവിക്രമങ്ങൾ കാട്ടിത്തുടങ്ങി. അല്പകാലത്തിനുള്ളിൽ അവൻ കണ്വമുനിയിൽ നിന്നു വിദ്യ അഭ്യസിക്കയും ചെയ്തു.

പത്തുവയസ്സു ഭരതനു തികഞ്ഞപ്പോൾ കണ്വൻ മകളെ അടുക്കൽ വിളിച്ച് സ്നേഹപൂർവ്വം പറഞ്ഞു:—

മകളേ! ഭരതനു വയസ്സു പത്തായി. ഇനി നീ ഭർത്താവിന്റെ അടുക്കലേക്കു പോകണം, സ്ത്രീകൾക്കു ഭർത്താവാണ് പ്രത്യക്ഷദേവത. അതിനാൽ അങ്ങോട്ടു പുറപ്പെടുക"



ദുഷ്ഷന്തനും ശകുന്തളയും

കണ്വനെ പിരിഞ്ഞുപോകുന്ന കാര്യം ഓൎത്തപ്പോൾ, ശകുന്തളയുടെ നെഞ്ച് പിളരുംപോലെ തോന്നി. ഇത്രയും കാലം ഭൎത്താവു അങ്ങോട്ടൊന്നു തിരിഞ്ഞു നോക്കുകപോലും ചെയ്യാതിരുന്നതിൽ, അവൾക്കു തെല്ലു ഭയവും ഉണ്ടാകാതിരുന്നില്ല. മുനി അവളെ പിടിച്ചു അടുപ്പിച്ചുകൊണ്ട് നിറുകയിൽ പലവുരു ചുംബിച്ചു അനുഗ്രഹിച്ചയച്ചു.

ഏതാനും ദിവസങ്ങൾക്കുള്ളിൽ ശകുന്തളയും പരിവാരവും നഗരത്തിൽ ചെന്നുചേൎന്നു. തന്റെ കൂടെ വന്ന താപസകുമാരന്മാരെയും മുനിപത്നിയേയും തിരിച്ചയച്ചിട്ട് ശകുന്തള പുത്രനോടുകൂടി രാജസദസ്സിലേക്കു കയറിച്ചെന്നു. ഭൎത്താവിനെ വന്ദിച്ചശേഷം അവൾ മകനോട് പറഞ്ഞു:— മകനേ! നിന്റെ അച്ഛന്റെ കാല്ക്കൽ നമസ്കരിക്കു."

ഭരതൻ പിതാവിനെ നമസ്കരിച്ചിട്ട് എണീററപ്പോൾ, ശകുന്തള ശാന്തസ്വരത്തിൽ പറഞ്ഞു.—"മഹാരാജാവേ! അവിടത്തെ പുത്രനായ ഇവനു യൗവനാരംഭമായിരിക്കുന്നു. കണ്വാശ്രമത്തിൽ വച്ച് അവിടുന്നു ചെയ്ത വാഗ്ദാനം അനുസരിച്ച് ഇവനു യുവരാജപട്ടം നല്കിയാലും"

'ഇതെന്തൊരു മറിമായം!' എന്ന മട്ടിൽ രാജാവ് തുറിച്ചു നോക്കി. ഒടുവിൽ പറഞ്ഞു.—

"എന്ത് അസംബന്ധമാണ് നീ പറയുന്നത്? ഇതു രാജസദസ്സാണെന്നു മറന്നുപോയോ? ഞാൻ നിന്നെ കണ്ടതായിട്ടുപോലും ഓൎക്കുന്നില്ലല്ലോ"

കോപവും നാണവും പൂണ്ട ശകുന്തള കുറേനേരം മരപ്പാവപോലെ നിന്നുപോയി. അവളുടെ കണ്ണുകൾ ചുവന്നു. രാജാവ് ദഹിച്ചുപോമാറ് ഒന്നു നോക്കീട്ട് അവൾ പറഞ്ഞു:—

"മഹാരാജാവേ! ആത്മവഞ്ചനയേക്കാൾ വലിയൊരു പാപമില്ല. സൂര്യചന്ദ്രന്മാരും, രാപകലുകളും, ഇരുസന്ധ്യകളും, പതിന്നാലു ലോകങ്ങളും നമ്മുടെ വൃത്താന്തങ്ങൾ അറിഞ്ഞിരിക്കുന്നു. വെറും പ്രാകൃതനെപ്പോലെ അവിടുന്നു പെരുമാറുകയോ? ഉത്തമപുരുഷന്മാർ ജീവൻ പോയാലും സത്യം കൈവിടാറില്ല.

ഈ സമയത്തു് ആകാശത്തിൽ നിന്നു് ഒരു അശരീരി കേൾക്കുമാറായി. "മഹാരാജാവേ മഹാലക്ഷ്മിക്കു തുല്യയായ ശകുന്തളയേയും ചക്രവർത്തി ലക്ഷണങ്ങൾ തികഞ്ഞ പുത്രനേയും സ്വീകരിക്കുക."

ഇങ്ങനെ ശകുന്തള ദുഷ്ഷന്തൻെറ പട്ടമഹിഷിയായി. ദുഷ്ഷന്തന്റെ കാലശേഷം ഭരതൻ നാടുകളെല്ലാം പിടിച്ചടക്കി ചക്രവർത്തി എന്ന നിലയിലെത്തി. ഭരതൻ വാണിരുന്ന നാടായതുകൊണ്ടാണു്, നമ്മുടെ രാജ്യത്തിനു ഭാരതം എന്ന പേരു് സിദ്ധിച്ചതു്. ഭരതൻെറ വംശത്തിലുണ്ടായ പാണ്ഡവന്മാരും, കൗരവന്മാരും തമ്മിൽ നടന്ന പോരിനെ വിവരിക്കുന്ന ഇതിഹാസത്തിനു മഹാഭാരതം എന്ന പേരും വന്നുകൂടി.

## 2. ഭീഷ്മപ്രതിജ്ഞ

ഭരതകുലത്തിൽ ശന്തനു എന്നൊരു ധാർമ്മികനായ രാജാവു വാണിരുന്നു. പ്രജകളെ അദ്ദേഹം സ്വസന്താനങ്ങളെപ്പോലെ സ്നേഹിച്ചു സംരക്ഷിച്ചുപോന്നു. അവരും തങ്ങളുടെ പിതാവിനെ എന്നപോലെ അദ്ദേഹത്തെ സ്നേഹിച്ചു.

ഒരുദിവസം ശന്തനു കുതിരപ്പുറത്തേറി നായാട്ടിനു പുറപ്പെട്ടു. വളരെനേരം നായാടിയപ്പോഴേയ്ക്കും അദ്ദേഹം നന്നേ ക്ഷീണിച്ചു. വിശ്രമിക്കാനായി അദ്ദേഹം ഗംഗാതീരത്തിറങ്ങി. അദ്ദേഹം ഗംഗയിലെ കുളിർകാറ്റേറ്റുകൊണ്ടുനില്ക്കെ അതിസുന്ദരിയായ ഒരു സ്ത്രീ അവിടെ പ്രത്യക്ഷപ്പെട്ടു.

ആ സ്ത്രീരത്നം രാജാവിന്റെ ഹൃദയം കവർന്നു. അവളെ സമീപിച്ചിട്ട് അദ്ദേഹം പറഞ്ഞു:—

"ദേവീ! ഞാൻ എന്റെ സർവസ്വവും ദേവിയുടെ കാല്ക്കൽ സമർപ്പിക്കുന്നു. എന്നെ ഭർത്താവായി സ്വീകരിച്ച് അനുഗ്രഹിക്കുമാറാകണം."

ദേവി പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു:—അവിടുന്ന് ആരെന്ന് എനിക്കറിയാം. എന്നാൽ ഞാൻ ആരെന്ന് അറിയാൻ ശ്രമിക്കുകയോ എന്റെ പ്രവൃത്തികളെ എതിർത്തു സംസാരിക്കുകയോ ചെയ്കയില്ലെന്ന് ശപഥം

പക്ഷം, അവിടത്തെ ആഗ്രഹത്തെ ഞാൻ നിറവേററാം. എനിക്ക് അപ്രിയമായി ഒരു വാക്ക് ഉച്ചരിക്കുന്ന നിമിഷത്തിൽ ഞാൻ പൊയ്ക്കളയും."

ശന്തനു അങ്ങനെ സമ്മതിച്ചു. കാലം മുന്നോട്ടു നീങ്ങി. രാജ്ഞി ഗർഭം ധരിച്ചു. പത്തുമാസം ചെന്നപ്പോൾ അവൾ ഒരു ആൺകുട്ടിയെ പ്രസവിച്ചു. ഉടൻതന്നെ അതിനെ എടുത്ത് അവൾ ആററിലേയ്ക്കെറിഞ്ഞു. തന്റെ ശപഥം ഓർത്ത് രാജാവ് ഒന്നും മിണ്ടിയില്ല. പിന്നീട് അവൾ പ്രസവിച്ച മററ് ആറു കുട്ടികളേയും അങ്ങനെതന്നെ ചെയ്തു. എന്നിട്ടും രാജാവ് സഹിച്ചു. എട്ടാമത്തെ പ്രസവം കഴിഞ്ഞപ്പോൾ രാജാവു പറഞ്ഞു:—ദേവി! ഈ കുട്ടിയെ എങ്കിലും എനിക്കു തരൂ.

രാജ്ഞി എണീററിരുന്നു. അനന്തരം മധുരസ്വരത്തിൽ പറഞ്ഞു:—

"ഞാൻ പിരിഞ്ഞുപോകേണ്ട സമയമായി. ജഹ്നുമഹർഷിയുടെ മകളായ ഗംഗയാണു ഞാൻ. അവിടത്തേക്ക് ജനിച്ച എട്ടു കുട്ടികളും സാധാരണ മനുഷ്യരല്ല. അഷ്ടവസുക്കളാണ്. വസിഷ്ഠശാപത്താൽ അവർ മനുഷ്യരായി പിറന്നു. മഹർഷി നൽകിയ ശാപമോക്ഷം അനുസരിച്ച് ഏഴുപേരും ജനിച്ച ഉടനേതന്നെ മരിച്ച് തങ്ങളുടെ പൂർവ്വരൂപം പ്രാപിച്ചതാണ്; എന്നാൽ എട്ടാമത്തെ ഈ കുട്ടി മഹർഷിയുടെ ഹോമധേനുവിനെ അപഹരിക്കുന്ന വിഷയത്തിൽ കൂടുതൽ തെററുകാരനായതുകൊണ്ട് വളരെക്കാലം മനുഷ്യനായിത്തന്നെ ജീവിക്കും. ഇവനെ ഞാൻ കൊണ്ടുപോയി സകല വിദ്യകളും പഠിപ്പിച്ചിട്ട്, അവിടത്തെ അടുക്കലേക്ക് അയച്ചുതരാം"

എന്നു പറഞ്ഞ് ഗംഗാദേവി ക[illegible] കൊണ്ടു മറഞ്ഞു.

പിന്നെയും വർഷങ്ങൾ മുപ്പത്തിയാറു കഴിഞ്ഞു. മുന്നെപ്പോലെ രാജാവു് ഒരുദിവസം ഗംഗാതീരത്തു സഞ്ചരിക്കയായിരുന്നു. അപ്പോൾ അതിതേജസ്വിയായ ഒരു യുവാവ് ക്രൂരന്മാർ എയ്ത് ഗംഗാ ജലം തടഞ്ഞു നിർത്തിയിരിക്കുന്നതു കണ്ടു് അദ്ദേഹം വിസ്മയിച്ചു. കുറേനേരം അവനെ തന്നെ നോക്കികൊണ്ടിരുന്നപ്പോൾ, ഇതു തന്റെ മകനായിരിക്കുമോ എന്ന് അദ്ദേഹത്തിനു സംശയം തോന്നി. അപ്പോൾ ഗംഗാദേവി പ്രത്യക്ഷപ്പെട്ടു് ഇങ്ങനെ പറഞ്ഞു:—മഹാരാജൻ! ഇതു് അങ്ങയുടെ മകനാണു്. വില്ലാളികളിൽ ഇവനോടു കിടനില്ക്കാൻ ലോകത്തു് മററാരുമില്ല. സത്യത്തിൽനിന്ന് അണുപോലും മാറാത്ത ഇവന്റെ പേരു് എന്നേക്കും നിലനില്ക്കും.

കുറേക്കാലം കഴിഞ്ഞു. മഹാരാജാവു് ഒരു ദിവസം യമുനതീരത്തു സഞ്ചരിച്ചുകൊണ്ടിരിക്കവേ, സത്യവതി എന്ന മുക്കുവസ്ത്രീയെ കണ്ടു് അവളെ വിവാഹം കഴിക്കണമെന്നു് രാജാവിനു് ആഗ്രഹമുണ്ടായി. ആ വിഷയത്തിൽ ഒരു വലിയ തടസ്സം നേരിട്ടു. അവളിൽ ജനിക്കുന്ന പുത്രനെ രാജാവായി വാഴിക്കാമെന്നു ശന്തനു സത്യം ചെയ്യണമെന്നു് അവളുടെ പിതാവു് നിർബന്ധം പിടിച്ചു. അദ്ദേഹം നിരാശനായി കൊട്ടാരത്തിലേക്കു മടങ്ങി. സകല സദ്ഗുണങ്ങൾക്കും വിളനിലമായിരുന്ന സ്വപുത്രനെ അദ്ദേഹം എങ്ങനെ ഉപേക്ഷിക്കും? പ്രജകൾക്കു് അതു രസിക്കുമോ?

ഒടുവിൽ രാജാവിനു് ഒരു കാര്യത്തിലും ശ്രദ്ധയില്ലാതെയായി പിതാവിന്റെ ദുഃഖകാരണം എന്തെന്നു് രാജകുമാരൻ ചോദിച്ചറിഞ്ഞു.

ഒരുദിവസം പിതാവിനെ അറിയിക്കാതെ ആ യുവാവ് സാമന്തന്മാരോടു കൂടി മുക്കുവന്റെ വീട്ടിൽ ചെന്നുകേറി. സത്യവതിയുടെ പിതാവ് അവരെ വേണ്ടവിധത്തിൽ സൽക്കരിച്ചു. അനന്തരം രാജകുമാരൻ പിതാവിനുവേണ്ടി നിത്യബ്രഹ്മചാരിവ്രതം സ്വീകരിച്ചിട്ട്, സത്യവതിയെ കൊണ്ടുപോയി അദ്ദേഹത്തിനു കാഴ്ചവച്ചു. ആ പ്രതിജ്ഞ ചെയ്ത അവസരത്തിൽ ദേവന്മാർ 'ഇവൻ ഭീഷ്മമഹാശയനാണ്' എന്നു വാഴ്ത്തിക്കൊണ്ട് പൂമാരി ചൊരിഞ്ഞു.

പുത്രന്റെ ഭക്തിയും സ്നേഹവും കണ്ട് സന്തുഷ്ടനായ രാജാവ് അദ്ദേഹത്തിനെ മാറോടണച്ചുകൊണ്ട് "നീ തന്നെയാണ് ഉത്തമപുത്രൻ. എത്രകാലം ജീവിച്ചിരിക്കണമെന്ന് നീ ഇച്ഛിക്കുന്നോ, അത്രയും കാലം മരണം നിന്നെ തീണ്ടുകയില്ല" എന്ന് അനുഗ്രഹിച്ചു.

ശന്തനുവിന് സത്യവതിയിൽ ചിത്രാംഗദനെന്നും വിചിത്രവീര്യനെന്നും രണ്ടു മക്കൾ ഉണ്ടായി. പിതാവിന്റെ കാലശേഷം അവരെ വളർത്തിക്കൊണ്ടുപോന്നത് ഭീഷ്മരായിരുന്നു. ചിത്രാംഗദൻ [illegible]വായെങ്കിലും, അതേ പേരോടുകൂടിയ ഒരു ഗന്ധർവനോടു മല്ലിട്ടു മരിച്ചുപോയി. വിചിത്രവീര്യന് പ്രായം തികയാതിരുന്നതിനാൽ പ്രതിപുരുഷനെന്ന നിലയിൽ രാജ്യകാര്യങ്ങളെല്ലാം ഭീഷ്മർതന്നെ നോക്കി.

അന്നു കാശിരാജാവിന് മൂന്നു പെൺമക്കൾ ഉണ്ടായിരുന്നു. അവരുടെ സ്വയംവരത്തിനു ചെന്നിരുന്ന എല്ലാ രാജാക്കന്മാരെയും തോല്പിച്ച് ഭീഷ്മർ ആ കന്യകകളെ വിചിത്രവീര്യനായി അപഹരിച്ചുകൊണ്ടുപോന്നു.

എന്നാൽ മൂത്തവളായ അംബ താൻ സാല്വനെ നേരത്തേതന്നെ മനസ്സുകൊണ്ടു് വരിച്ചുകഴിഞ്ഞിരുന്നു എന്നു പറകയാൽ അവളെ അദ്ദേഹം വിട്ടുകളഞ്ഞു. അംബിക, അംബാലിക എന്നീ രണ്ടു കന്യകകളേയും തന്റെ അനുജന് അദ്ദേഹം കല്യാണം കഴിച്ചുകൊടുത്തു. എന്നാൽ ഈശ്വരനിശ്ചയത്തെ ആൎക്കു തടുക്കാൻ സാധിക്കും? വിചിത്രവീൎയ്യനും സന്താനമില്ലാതെ മരിച്ചുപോയി.

കലത്തിനു് അറുതി വരുമെന്ന നിലയിലായി. സത്യവതി ഭീഷ്മരെ അടുക്കൽ വിളിച്ചു് "മകനേ! ഇനി നീ മുറപോലെ നാടുവാഴുക. നീ കല്യാണം കഴിക്കാതിരുന്നാൽ ഈ വംശം അററുപോകും" എന്നു നിർബന്ധിച്ചു. ഭീഷ്മർ അതിനു മറുപടിയായി പറഞ്ഞു:—

അമ്മേ ക്ഷമിക്കണം! പഞ്ചഭൂതങ്ങൾക്കുള്ള ഗുണങ്ങൾ കൈവിട്ടുവെന്നു വരാം! സൂൎയ്യൻ പ്രകാശത്തേയും ചന്ദ്രൻ കുളൎമ്മയേയും അഗ്നി ദാഹകശക്തിയേയും ഉപേക്ഷിച്ചുവെന്നു വന്നാലും, ഈ ഭീഷ്മർ തന്റെ പ്രതിജ്ഞയെ സ്വപ്നത്തിൽപോലും തെററിക്കയില്ല."

ഗത്യന്തരം ഇല്ലാതെ വന്നപ്പോൾ സത്യവതി തന്റെ പുത്രനായ വ്യാസനെ വരുത്തി നിർബന്ധം പ്രയോഗിക്കയാൽ, അദ്ദേഹം അംബികയിൽ ധൃതരാഷ്ട്രരേയും അംബാലികയിൽ പാണ്ഡുവിനേയും ജനിപ്പിച്ചു. ധൃതരാഷ്ട്രർ ജനിച്ചപ്പോഴേ കുരുടനായും പാണ്ഡു പാണ്ടു പിടിച്ചവനായും തീൎന്നുപോയി. അതുകൊണ്ടു് അംബാലികയിൽ ഒരു സന്താനംകൂടി ജനി

പ്പിക്കാനമെന്ന് സത്യവതി നിർബന്ധിച്ചു. എന്നാൽ ആ രാജ്ഞി ദാസിയെയാണ് തന്റെ വേഷത്തിൽ അയച്ചത്. അവളിൽ ജനിച്ച വിദുരർ അതിസമർത്ഥനും മഹാ ബുദ്ധിശാലിയും നീതിജ്ഞനും ആയിത്തീർന്നു.

ഭീഷ്മരാണ് ഈ മൂന്നുപേരെയും ശ്രദ്ധയോടെ വളർത്തിക്കൊണ്ടുവന്നത്. സർവ വിദ്യകളും അവരെ അദ്ദേഹം അഭ്യസിപ്പിച്ചു. അവർക്ക് പ്രായപൂർത്തി വന്നപ്പോൾ, ഭീഷ്മർ പാണ്ഡുവിനെ രാജാവായി വാഴിച്ചുവെങ്കിലും പാണ്ഡു കുരുടനായ ജ്യേഷ്ഠനോടും അനുജനായ വിദുരരോടും ആലോചിച്ചാണ് രാജ്യം ഭരിച്ചുപോന്നത്. ധൃതരാഷ്ട്രർ ഗാന്ധാര രാജാവിന്റെ മകളായ ഗാന്ധാരിയേയും പാണ്ഡു കുന്തി, മാദ്രി എന്നു രണ്ടു രാജകുമാരിമാരെയും കല്യാണം കഴിച്ചു.

പാണ്ഡു ഒരു മുനിയുടെ ശാപം നിമിത്തം പുത്രോൽപാദനത്തിനു കഴിവില്ലാത്തവനായിത്തീർന്നു. അതിനാൽ കുന്തീദേവി ബാല്യദശയിൽ തനിക്കു സിദ്ധിച്ചിരുന്ന ഒരു മന്ത്രം പ്രയോഗിച്ച്, യമനിൽനിന്നു ധർമ്മപുത്രരെയും വായുവിൽനിന്നു ഭീമനെയും ഇന്ദ്രനിൽനിന്ന് അർജ്ജുനനേയും മാദ്രി അശ്വിനീദേവന്മാരിൽനിന്ന് നകുലസഹദേവന്മാരേയും പെറ്റു. അവരെ പഞ്ചപാണ്ഡവന്മാരെന്നു വിളിച്ചുവന്നു. ധൃതരാഷ്ട്രപത്നിയായ ഗാന്ധാരിയും ഒന്നു പ്രസവിച്ചു. പക്ഷേ അതു മാംസപിണ്ഡമായിരുന്നു. എന്നാൽ വ്യാസന്റെ അനുഗ്രഹത്താൽ ആ മാംസപിണ്ഡത്തിൽനിന്ന് നൂറു പുത്രന്മാരും ഒരു പുത്രിയും ഉണ്ടായി. പാണ്ഡു ഏറെത്താമസിയാതെ

മരിക്കയും മാദ്രി ഉടന്തടി ചാടി മരിക്കയും ചെയ്കയാൽ നകുലസഹദേവന്മാരേയും കുന്തിയാണു വളർത്തിയതു്. ഭീഷ്മർ പാണ്ഡവന്മാരെയും കൌരവന്മാരെയും വാത്സല്യപൂർവം സംരക്ഷിച്ചു. എന്നാൽ അവർക്കു തമ്മിൽ മത്സരം അങ്കുരിച്ചു. ആ മത്സരമാണു് ഭാരതമഹായുദ്ധത്തിൽ അവസാനിച്ചതു്.

ഭീഷ്മർ മരിക്കുംവരെ കുരുകുലത്തിനു് താങ്ങും തണലുമായി വർത്തിച്ചു.

# 3. ഗുരുദക്ഷിണ (1)

പാണ്ഡവന്മാരുടെയും കൌരവന്മാരുടേയും വിദ്യാഭ്യാസത്തിനു ഭീഷ്മർതന്നെ വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. ആയുധവിദ്യ അഭ്യസിപ്പിച്ചതു് ദ്രോണർ എന്ന ബ്രാഹ്മണനായിരുന്നു. ധനുർവിദ്യയിൽ അർജ്ജുനകർണ്ണന്മാരും ഗദാപ്രയോഗത്തിൽ ഭീമദുര്യോധനന്മാരും മികച്ചു നിന്നു. പഠിത്തം പൂർത്തിയായപ്പോൾ ധൃതരാഷ്ട്രമഹാരാജാവും ഭീഷ്മപിതാമഹനും, കൃപർ, ശല്യർ, വിദുരർ മുതലായ ഗുരുജനങ്ങളും, അവരുടെ ആയുധപ്രയോഗസാമർത്ഥ്യം കാണുവാനായി ഒരു സ്ഥലത്തു സമ്മേളിച്ചു.

ആദ്യമായി ഗദായുദ്ധം നടന്നു. ഭീമനും ദുര്യോധനനും തമ്മിൽ പൊരുതപ്പോൾ, രണ്ടു മലകൾതമ്മിൽ ഇടയുന്നതുപോലെ കാണികൾക്കു തോന്നി. യുദ്ധരംഗവും പ്രദർശനശാലയും വിറപൂണ്ടു. കാണികൾ ഇരു ചേരികളായി പിരിഞ്ഞു് അവരെ ഉത്സാഹിപ്പിച്ചുകൊണ്ടിരുന്നു. ഇനി യുദ്ധം നീണ്ടുപോയാൽ രണ്ടുപേരിൽ ഒരാൾക്കു ജീവനാശം സംഭവിച്ചു പോയേക്കും എന്ന നിലവന്നപ്പോൾ, 'ഇനി നിർത്താം' എന്ന ഗുരുവിന്റെ ആജ്ഞ പുറപ്പെട്ടു.

പിന്നീടു് ദ്രോണാചാര്യരുടെ ആജ്ഞ അനുസരിച്ചു്, അർജ്ജുനൻ ശരപ്രയോഗത്തിലുള്ള തന്റെ ചാതുരി പ്രകാശിപ്പിച്ചു. കാണികളിൽ

നിന്നു ജയ ജയ ശബ്ദം പൊങ്ങി. ആഗ്നേയാസ്ത്രം പ്രയോഗിച്ച് അഗ്നിയും, വരുണാസ്ത്രം പ്രയോഗിച്ച് ജലവും, വായവ്യാസ്ത്രത്താൽ കാററും, മേഘാസ്ത്രത്താൽ മേഘവും, പർവതാസ്ത്രത്താൽ മലയും നിർമ്മിച്ചും അദ്ദേഹം എല്ലാവരേയും വിസ്മയിപ്പിച്ചു.

കാണികളെല്ലാം അർജ്ജുനനെ പുകഴ്ത്തുന്നതു കേട്ടപ്പോൾ കർണ്ണൻ മല്പിടിച്ചു കൊണ്ട് അദ്ദേഹത്തിനെ പോരിനു വിളിച്ചു. പോര് അതിഭയങ്കരമായപ്പോൾ, അർജ്ജുനപക്ഷപാതികൾ 'കർണ്ണൻ ഹീന'ജാതിക്കാരനാണ്. അവനെ രാജകുമാരന്റെ ഒററയ്ക്കുനിന്നു യുദ്ധം ചെയ്യുന്നതിന് അനുവദിക്കാൻ പാടില്ല" എന്നു തടസ്സം പറഞ്ഞു. അങ്ങനെ ആരുമാരും ജയിച്ചില്ല എന്ന മട്ടിൽ ആ യുദ്ധവും അവസാനിച്ചു.

ഈ വിധം പ്രദർശനം അവസാനിച്ചപ്പോൾ ദ്രോണർ ശിഷ്യന്മാരെ വിളിച്ച് "നിങ്ങളുടെ പഠിത്തം പൂർത്തിയായി. ഇനി ഗുരുദക്ഷിണ നടത്താം. എന്റെ മനോരഥം സാധിച്ചു തരാൻ നിങ്ങളിൽ ആർക്കു കഴിയുമോ അവനാണ് എന്റെ ഉത്തമശിഷ്യൻ. അതല്ലാതെ മററൊരു ദക്ഷിണയും എനിക്ക് ആവശ്യമില്ല.

കൗരവന്മാർ മുഖത്തോടു മുഖം നോക്കി നിന്നതല്ലാതെ, ഗുരുവിന്റെ മനോരഥം എന്തെന്ന് അറിവാൻ ശ്രമിച്ചതേ ഇല്ല. അർജ്ജുനനാകട്ടെ ജ്യേഷ്ഠനായ ധർമ്മപുത്രന്റെ മുഖത്തേക്കു നോക്കി. അവിടെ പ്രകാശിച്ച മൗനാനുവാദം വാങ്ങിക്കൊണ്ട് പറഞ്ഞു.

"ഗുരുദേവാ! അവിടുത്തെ കൃപയുണ്ടെങ്കിൽ, ഏതു മനോരഥവും ഞാൻ സാധിച്ചുതരാം."

ദ്രോണർ പറഞ്ഞു:—അങ്ങനെ ആണെങ്കിൽ നീ പാഞ്ചാലരാജ്യത്തുചെന്നു ദ്രുപദനെ പിടിച്ചുകെട്ടി എന്റെ കാല്ക്കൽ ഇടണം.

കൗരവന്മാരും ഇതുകേട്ടു. അർജ്ജുനൻ പോകുംമുമ്പ് ആ കാര്യം നേടണമെന്നായിരുന്നു ദുര്യോധനന്റെ ആഗ്രഹം. അതിനാൽ അതിവേഗം ഒരു സൈന്യത്തെ ശേഖരിച്ചുകൊണ്ടു് കൗരവന്മാർ പാഞ്ചാലനഗരി വളഞ്ഞു. വിവരം അറിഞ്ഞു് പാഞ്ചാലൻ ചെന്നു നോക്കിയപ്പോൾ "ഈ കുറുനരികളോടു ഞാൻ യുദ്ധം ചെയ്യുകയോ" എന്നു ലജ്ജിച്ചു തലതാഴ്ത്തി. ദ്രുപദസേന അവരെ നിഷ്പ്രയാസം ആട്ടി ഓടിക്കയും ചെയ്തു.

അപ്പോൾ അർജ്ജുനൻ മുന്നോട്ടു് അടുത്തു. ഇരു സൈന്യങ്ങളും പരസ്പരം എതിരിട്ടപ്പോൾ യുദ്ധം അതിഭയങ്കരമായി. ദ്രുപദൻ അർജ്ജുനന്റെ വില്ലു രണ്ടായി മുറിച്ചുകളഞ്ഞു. അതിനോടുകൂടി അദ്ദേഹത്തിന്റെ ശൌര്യം പതിന്മടങ്ങു വർദ്ധിച്ചു, ദ്രുപദന്റെ തേരിൽ ചാടിക്കയറിട്ടു് അല്പനേരത്തെ യുദ്ധാനന്തരം, അർജ്ജുനൻ എതിരാളിയെ ബന്ധിച്ചു.

ഇങ്ങനെ ബന്ധിക്കപ്പെട്ടു് ദ്രോണാചാര്യരുടെ മുമ്പിൽ സമർപ്പിക്കപ്പെട്ട ദ്രുപദനെ ഗുരു ചവിട്ടാനായി ഭാവിച്ചപ്പോൾ, ശിഷ്യൻ തടഞ്ഞു.

"ഗുരു; അവിടുത്തെപ്പോലെയുള്ള മഹാന്മാർ ചെയ്യുന്നതാണു് മററുള്ളവർക്കു് മാതൃക. നിരാശ്രയനായ ഒരുവനോടു ഇങ്ങനെ പെരുമാറുന്നതു് ഉചിതമാണോ?"

ദ്രോണർ:—വത്സ, നീ പറയുന്നതു നിൻെറ സ്വഭാവത്തിനു യോജിച്ചിരിക്കുന്നു. ഇവൻ എന്നോടു ചെയ്ത മര്യാദകേടു് ഓർത്തപ്പോൾ ഉണ്ടായ മുൻകോപത്താൽ ഞാൻ അങ്ങനെ ചെയ്തുപോയതാണു്. ഞങ്ങൾ ഒരുമിച്ചു പഠിച്ചും കളിച്ചും വളർന്നവരാണു്. പിതാവിൻെറ കാലശേഷം പാതിരാജ്യം തന്നു് എന്നെ ആദരിക്കുമെന്നുപോലും ഇവൻ പറഞ്ഞിരുന്നു. പഠിത്തം കഴിഞ്ഞു് ഞാൻ നാട്ടിലേക്കു മടങ്ങി. ഒന്നു രണ്ടു വർഷങ്ങൾക്കുള്ളിൽ ഞാൻ കല്യാണം കഴിച്ചു. കാലക്ഷേപത്തിനു മാർഗ്ഗമൊന്നും ഞാൻ കണ്ടില്ല. എൻെറ കുഞ്ഞിനു ഒരു തുള്ളി പാൽ കൊടുക്കുവാൻ പോലും കഴിയാതെവന്ന അവസരങ്ങൾ ഒന്നുരണ്ടല്ല. ഒടുവിൽ ദ്രുപദനെ ചെന്നു കാണാമെന്നു ഞാൻ വിചാരിച്ചു. അപ്പോഴേയ്ക്കും അവൻ രാജാവായി കഴിഞ്ഞിരുന്നു. കൊട്ടാരത്തിനുള്ളിൽ കടക്കാൻ തന്നെ വളരെ വിഷമിച്ചു. ഒരു വിധത്തിൽ അകത്തു കടന്നിട്ടു് ഞാൻ പറഞ്ഞു. "മഹാരാജാവേ! അവിടുത്തെ പഴയ ചങ്ങാതിയാണു ഞാൻ" അതു കേട്ടപ്പോൾ ദ്രുപദൻെറ പുരികം ചുളിഞ്ഞു. കണ്ണുകൾ ചുവന്നു. ചുരുക്കിപ്പറഞ്ഞാൽ മതിയല്ലോ. എന്നെ എൻെറ പഴയ ചങ്ങാതി ആട്ടിപുറത്താക്കി. ഇതാണു ഞങ്ങളുടെ കഥ. തുല്യനിലക്കാർ തമ്മിലേ വേഴ്ച പാടുള്ളൂ എന്നു എനിക്കു അപ്പോൾ മനസ്സിലായി. ആ തുല്യനില സമ്പാദിക്കാനായിരുന്നു എൻെറ ശ്രമം.

അനന്തരം ദ്രുപദൻെറ നേർക്കു തിരിഞ്ഞിട്ടു് ദ്രോണർ പറഞ്ഞു:—ദ്രുപദ! പേടിക്കേണ്ട! ബ്രാഹ്മണർ പ്രകൃത്യാ ശാന്തശീലരാണല്ലോ?

എന്നാൽ സ്നേഹിതനായി തുടരുന്നതിനു് എനിക്കു് ആഗ്രഹമുണ്ടു്. അതിനു നാം തമ്മിൽ തുല്യനില ആവശ്യവുമാണു്. അതുകൊണ്ടു് ഭാഗീരഥീനദിക്കു തെക്കുവശമുള്ള ദേശങ്ങൾമാത്രം ഞാൻ എടുത്തുകൊണ്ടു് ബാക്കി നിനക്കു തരുന്നുള്ളാം. എന്താ സമ്മതം തന്നെയോ?


ദ്രുപദൻ പറഞ്ഞു:—മഹാത്മാവേ! അങ്ങേപ്പോലുള്ളവർക്കു ഇതൊന്നും ആശ്ചര്യമല്ല. എന്റെ അവിവേകത്തെ ഓർത്തു ഞാൻ പശ്ചാത്തപിക്കുന്നു. അവിടത്തെ മിത്രമായി കഴിയാനാണു് എന്റെയും ആശ.

ദ്രുപദൻ മോചിക്കപ്പെട്ടു. പാണ്ഡവന്മാരുടെ ഗുരുദക്ഷിണയും നിറവേറി. ആചാര്യർ ശിഷ്യനെ ആശ്ലേഷിച്ചിട്ടു് "ധനർവിദ്യയിൽ' നിനക്കു തുല്യനായി മററാരും ഉണ്ടായിരിക്കയില്ല എന്നു ആശീർവദിച്ചു.

# 4. ഗുരുദക്ഷിണ (2)

പാണ്ഡവന്മാർ ദ്രോണരുടെ ആശ്രമത്തിൽ പഠിച്ചുകൊണ്ടിരുന്നകാലത്ത് ആചാര്യൻ പാചകനെ വിളിച്ച് 'അർജ്ജുനന് ഒരു കാരണവശാലും ഇരുട്ടത്ത് ആഹാരം കൊടുക്കരുത്' എന്നു ചട്ടം കെട്ടി. എന്നാൽ ഒരു ദിവസം കാററടിച്ചു വിളക്കണഞ്ഞുപോയി. എന്നിട്ട് അഭ്യാസബലത്താൽ കൈയ്യ് വായ്ക്കുനേരേ തന്നെ ചെല്ലുന്നതു കണ്ട് ഇനി എന്നും ഇതുതന്നെ ശീലിക്കണമെന്ന് അർജ്ജുനൻ ഉറച്ചു; എന്നുമാത്രമല്ല ഇരുട്ടത്തു ശരപ്രയോഗവും പരിശീലിച്ചു തുടങ്ങി. ഒരു രാത്രി അർജ്ജുനന്റെ ഞാണൊലികേട്ട് ഗുരുദേവൻ കുമാരനെ ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു;— വത്സ! നിന്നെപ്പോലെ ഉത്സാഹവും ചൊടിയും ഉള്ള മറെറാരു വില്ലാളി ഈ ലോകത്തിലില്ല.

അങ്ങനെയിരിക്കെ ഒരു ദിവസം പാണ്ഡവന്മാർ ഗുരുവിന്റെ നിർദ്ദേശം അനുസരിച്ച് നായാട്ടിനായി വനത്തിലേക്ക് കടന്നു. വനത്തിനുള്ളിൽ കറുത്ത നീണ്ട ശരീരത്തോടു കൂടിയ ഒരു വേടൻ നില്ക്കുന്നതുകണ്ട് പാണ്ഡവന്മാരുടെ നായ് കുരച്ചു. തൽക്ഷണം നായുടെ തുറന്ന വായ്ക്കുള്ളിൽ ഏഴു ശരങ്ങളും തറച്ചതു കണ്ട് പാണ്ഡവന്മാർ അമ്പരന്നുപോയി.



ഏകലവ്യൻ നായുടെ വായിൽ ഏഴു ശരങ്ങൾ തറയ്ക്കുന്നതു്

അവർ മടങ്ങി ആശ്രമത്തിൽ ചെന്നപ്പോൾ അജ്ജുനൻ ഗുരുവി നോടു പറഞ്ഞു:— "ഗുരോ ശരപ്രയോഗപരിശീലനത്തിൽ എന്നോടു തുല്യനായി ആരുമില്ലെന്നല്ല അവിടുന്നു അരുളിച്ചെയ്തതു്. അവിടുത്തെ വാക്കു ഒരു വേടൻ തെററിച്ചിരിക്കുന്നു." എന്നു പറഞ്ഞു് ഉണ്ടായ സംഭവം എല്ലാം വിവരിച്ചു കേൾപ്പിച്ചു.

ദ്രോണർ ഒന്നും മിണ്ടിയില്ല. അടുത്തൊരു ദിവസം അദ്ദേഹം അജ്ജുനനോടുകൂടി ആ വേടൻ താമസിക്കുന്ന സ്ഥലത്തുചെന്നു. ആചാര്യരെ കണ്ടു ഉടനെ അവൻ ഓടിച്ചെന്നു് അദ്ദേഹത്തിൻെറ പാദത്തിൽ വീണു. അദ്ദേഹം ചോദിച്ചു:— "വത്സ നീ ആരു്?"

വേടൻ:—എത്രയോ വർഷങ്ങൾക്കു മുമ്പു് അസ്ത്രവിദ്യ പഠിക്കാനായി തിരുമേനിയുടെ ആശ്രമത്തിൽ വന്ന നിഷാദരാജപുത്രനായ ഏകലവ്യനാണു് അടിയൻ. അവിടത്തെ ധ്യാനിച്ചു കൊണ്ടു് മുറക്കു് അസ്ത്രപ്രയോഗം ശീലിച്ചാൽ മതി എന്നു് അവിടുന്നു് ഉപദേശിച്ചു. അന്നു മുതല്ക്കു തിരുമേനിയുടെ വിഗ്രഹം മണ്ണുകൊണ്ടുണ്ടാക്കി, അതിനെ പൂജിച്ചു കൊണ്ടു് അടിയൻ ശരപ്രയോഗം ശീലിച്ചു വരുന്നു."

ഇത്രയും പറഞ്ഞിട്ടു് അയാൾ പല വിദ്യകൾ പ്രയോഗിച്ചു കാണിച്ചു. അജ്ജുനൻ അത്ഭുതപ്പെട്ടു് അയാളെ മനസ്സുകൊണ്ടു് അഭിനന്ദിച്ചു. അപ്പോൾ ദ്രോണർ പറഞ്ഞു:—

"നീ പഠിക്കേണ്ടതൊക്കെ പഠിച്ചു കഴിഞ്ഞു. ഇനി ഗുരുദക്ഷിണ മാത്രം ചെയ്താൽ മതി"

ഏകലവ്യൻ പറഞ്ഞു;—അവിടുന്നു് എന്താവശ്യപ്പെട്ടാലും അടിയനു് കഴിവുള്ളതാണെങ്കിൽ സാധിച്ചു തരാം.

**ദ്രോണർ:—** എന്നാൽ നീ നിൻെറ വലത്തേ കൈയ്യിലെ പെരുവിരൽ എനിക്കു അറുത്തു തരണം.

യാതൊരു സങ്കോചവും കൂടാതെ ആയാൾ ആ വിരൽ അറുത്തു കൊടുത്തു. അന്നു മുതല്ക്കു് അയാൾ മറ്റു വിരലുകൾ ഉപയോഗിച്ചാണു് ശരപ്രയോഗം ചെയ്തു വന്നതു്. അതു നിമിത്തം വേഗവായ്പു കുറഞ്ഞു പോയി.

ഈ വിചിത്രമായ ഗുരുദക്ഷിണവഴിക്കു് ദ്രോണർ തൻെറ വാക്കിനെ പാലിച്ചുവെങ്കിലും അർജ്ജുനൻെറ എദയത്തിൽ നിന്നു പൊങ്ങിയ ആ നെടുവീർപ്പു് ആരും കണ്ടില്ല.

## 5. ഒരു സ്ത്രീയുടെ വീരവ്രതം

കാശിരാജാവിന്റെ മൂന്നു പെൺമക്കളെ ഭീഷ്മർ അപഹരിച്ചതും, ഒടുവിൽ അംബയെ അദ്ദേഹം വിട്ടയച്ചതും വേറൊരിടത്തു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ തിരികെ ചെന്ന ആ കന്യകയെ സാല്വൻ കഠിനമായ വാക്കുകൾ പറഞ്ഞ് തള്ളിക്കളഞ്ഞു. നിരാശയോടെ അവൾ ഭീഷ്മരുടെ അടുക്കൽ ചെന്ന് തന്നെ ഭാര്യയായി സ്വീകരിക്കണമെന്ന് അപേക്ഷിച്ചു. നിത്യബ്രഹ്മചാരിവ്രതം സ്വീകരിച്ചിരിക്കുന്ന ഭീഷ്മർ ആ അപേക്ഷ എങ്ങനെ സ്വീകരിക്കും. ആറു കൊല്ലങ്ങളോളം അവൾ അദ്ദേഹത്തിന്റെ പിന്നാലെ നടന്നു. പക്ഷേ ഫലിച്ചില്ല. അവൾ പ്രതിക്രിയാബുദ്ധിയോടെ പന്ത്രണ്ടു വർഷം ഊണും ഉറക്കവും ഉപേക്ഷിച്ച് ബാഹുദാനദിയുടെ തീരത്തുചെന്ന് കഠിനമായ തപസ്സു ചെയ്തു. ഒടുവിൽ ഇഷ്ടദേവത പ്രത്യക്ഷപ്പെട്ട് അവൾക്ക് ഒരു വാടാമലർമാല കൊടുത്തിട്ടു പറഞ്ഞു:—"ഈ മാല ധരിക്കുന്ന ക്ഷത്രിയന് ഭീഷ്മരെ കൊല്ലാൻ സാധിക്കും.

പിന്നീട് ഈ മാലയുമായി അവൾ എല്ലാ രാജ്യങ്ങളിലും ചുററിത്തിരിഞ്ഞു. ഭീഷ്മരെക്കുറിച്ചുള്ള ഭയത്താൽ അതിനെ സ്വീകരിക്കാൻ ഒരു ക്ഷത്രിയനും തയ്യാറായില്ല. ഒടുവിൽ അവൾ പാഞ്ചാലരാജാ

പിന്നാട്ട് തൻെറ വൃത്താന്തം അറിയിച്ചു. രാജാവ് അതുകേട്ട് അവളെ അവിടെനിന്നും ഓടിച്ചു. ഒരു നിവൃത്തിയും ഇല്ലാതെ അവൾ മാലയെ ഗോപുരവാതുക്കൽ ഇട്ടംവെച്ച് ഓടി.

പിന്നീട് അവൾ പോയതു് നേരെ പരശുരാമൻെറ അടുക്കലേക്കാണ്. ആ ബ്രാഹ്മണൻ അവൾക്കുവേണ്ടി നാലുവാരം ഭീഷ്മരോട് യുദ്ധംചെയ്തു തോററു. അനന്തരം അദ്ദേഹം പറഞ്ഞു:— പെണ്ണേ! നിൻെറ ആഗ്രഹം വ്യർത്ഥമാണ്. ഭീഷ്മരെ കൊല്ലാൻ ഇന്ന് ആർക്കും സാദ്ധ്യമല്ല.

അതു കേട്ട് അവൾ ശിവനെ തപസ്സുചെയ്തു. "അടുത്ത ജന്മത്തിൽ നിനക്കു ഭീഷ്മനോട് പകവീട്ടാൻ സാധിക്കും" എന്നു ശിവൻ അരുളിച്ചെയ്കയാൽ, അവൾ യോഗാഗ്നിയിൽ ശരീരം ദഹിപ്പിച്ചിട്ട് പാഞ്ചാലപുത്രിയായി ജനിച്ചു.

അംബ അന്ന് കൊട്ടാരവാതുക്കൽ ഇട്ടിട്ടുപോയ മാല ആരും തൊടാതെ അതേ നിലയിൽ കിടന്നിരുന്നു. ഒരുദിവസം ഈ രാജപുത്രി ആ മാല എടുത്ത് കഴുത്തിലണിഞ്ഞു. അതറിഞ്ഞു രാജാവ് അവളെ ആട്ടിപ്പുറത്താക്കി. ശിഖണ്ഡിനി എന്നായിരുന്നു അവളുടെ പേരു്.

ശിഖണ്ഡിനിയാകട്ടെ ഗംഗാതീരത്തിൽ തപസ്സുചെയ്ത് ഒരു യക്ഷനിൽനിന്നു പുല്ലിംഗം വാങ്ങി, സ്ത്രീയുമല്ല പുരുഷനുമല്ല എന്ന നിലയിൽ എത്തി. അങ്ങനെ ശിഖണ്ഡിനി ശിഖണ്ഡിയായി. പതിനെട്ടാം യുദ്ധത്തിൽ ശിഖണ്ഡിയെ മുൻനിറുത്തിക്കൊണ്ട് പാണ്ഡവന്മാർ ഭീഷ്മരോട് എതിരിട്ടതിനാലാണ്, അവർക്ക് അദ്ദേഹത്തെ ജയിക്കാൻ സാധിച്ചതു്. ശിഖണ്ഡി തന്നെയായിരുന്നു അദ്ദേഹത്തിൻെറ മരണഹേതുവും.

## 6. കുന്തിയുടെ ദീനാനുകമ്പ

പാണ്ഡവന്മാരോട് കൌരവന്മാർക്കു ബാല്യത്തിൽ തന്നെ മത്സരം തുടങ്ങി. ഭീമൻ ശരീര ബലം കൊണ്ടു പലപ്പോഴും അവരെ തോല്പിച്ചു വന്നതിനാൽ ആ മത്സരം വർദ്ധിച്ചു. ഈ ഭീമൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം രാജവാഴ്ച തനിക്കു കിട്ടുന്നതല്ലെന്ന് ദുര്യോധനൻ കണ്ടു. അതിനാൽ അദ്ദേഹത്തിനെ കൊല്ലാൻ പല പണികളും കൌരവന്മാർ നോക്കി. ഒരിക്കൽ കാളകൂടവിഷം കലർത്തിയ ആഹാരം കൊടുത്തു ഭീമനെ അപായപ്പെടുത്തി ആറിൽ താഴ്ത്തി. ഭാഗ്യവശാൽ അദ്ദേഹത്തിന്റെ ശരീരം പാതാളത്തിലേക്കു താഴുകയും അവിടെയുള്ള സർപ്പങ്ങൾ കടിച്ചതു നിമിത്തം വിഷം നീങ്ങുകയും ചെയ്തു. വാസുകി എന്ന സർപ്പരാജാവ് അദ്ദേഹത്തിനെ സൽകരിച്ചയച്ചു.

പിന്നീടൊരിക്കൽ കൌരവന്മാർ വാരണാവതത്തിൽ ഒരു അരക്കില്ലം പണിയിച്ച് പാണ്ഡവന്മാരെ അതിലേക്ക് മാറ്റിപ്പാർപ്പിച്ചു എന്നാൽ വിദുരൻ അവരുടെ ദുരാലോചനകൾ നേരത്തെ അറിഞ്ഞിരുന്നതിനാൽ ആ ഗൃഹത്തിൽ നിന്നും വെളിയിലേക്കു ഒരു ഗുഹ നിർമ്മിച്ചിരുന്നു. ആ ഗുഹയിലൂടെ പാണ്ഡവന്മാരും കുന്തിയും രക്ഷപ്പെട്ടു. അനന്തരം ഭീമൻ അരക്കില്ലത്തിനു കൊള്ളി വച്ചപ്പോൾ അതിനുള്ളിൽ അഭയം

പ്രാപിച്ചിരുന്ന അഞ്ചു പേരും കൌരവദൂതനായ പുരോചനനും ഉൾപ്പെടെ ആറു പേരാണ് ദഹിച്ചുപോയത്.

ഗുഹയിൽ നിന്നും രക്ഷപ്പെട്ട പാണ്ഡവന്മാർ കുറേക്കാലം വനവാസം ചെയ്തു. അവിടെ വച്ച് ഹിഡുംബൻ എന്ന രാക്ഷസൻ അവരെ കൊല്ലാൻ ശ്രമിച്ചു. എന്നാൽ ഭീമൻ അവനെക്കൊന്നു.

ഈ ദുരിതങ്ങൾക്കെല്ലാം ഇടയിലും കുന്തിയും മക്കളും മനുഷ്യത്വം വിടാതെ തന്നെ ജീവിച്ചു. പിച്ച തേടിയാണ് അവർ കാലം നയിച്ചുപോന്നത് എന്നിട്ടും തങ്ങൾക്കു കിട്ടുന്നതിന്റെ ഒരോഹരി അവർ സാധുക്കൾക്കായി കൊടുത്തു വന്നു.

ഒരു ദിവസം അവർ ഒരു ബ്രാഹ്മണഗൃഹത്തിൽ ഭിക്ഷക്കായി ചെന്നു കേറി. അവിടെ ഗൃഹനായകനും പത്നിയും പുത്രനും പുത്രവധുവും ഒക്കെ ദുഃഖിതരായിരിക്കുന്നതു കണ്ടപ്പോൾ കുന്തിക്കു സങ്കടമുണ്ടായി. അവർ കാരണം ചോദിച്ചു. വൃദ്ധബ്രാഹ്മണൻ പറഞ്ഞു:—

"നിത്യനരകത്തിൽ നിന്ന് എന്നെ കരകേററാൻ ഒരു മകൻ ജനിച്ചു. അവൻ ഇന്ന്........"

കുന്തി:—അവന് എന്തു പററി കേൾക്കട്ടെ

ബ്രാഹ്മ:— ഈ ഗ്രാമത്തിന്റെ അററത്ത് ബകൻ എന്നൊരു രാക്ഷസൻ പാർക്കുന്നുണ്ട്. അവൻ ഗ്രാമക്കാരെ എല്ലാം തിന്നൊടുക്കിത്തുടങ്ങിയപ്പോൾ അവർ പറഞ്ഞു. "നിങ്ങൾ ഇങ്ങനെ ഒരു ദിവസംകൊണ്ട് എല്ലാരേയും കൊന്നു തിന്നാൽ ഭക്ഷണത്തിനുള്ള വഴി മുട്ടിപ്പോവു

കയ്യേ? ഞങ്ങൾ ഓരോ ദിവസവും ഓരോ പുരുഷനെ മററു ഭക്ഷണങ്ങളോടുകൂടി നിന്റെ അടക്കൽ അയയ്ക്കാം. അതല്ലേ നല്ലതു്" ആയിരം നാഴി അരിയുടെ ചോറും നൂറുകുടം രസാളവും രണ്ടു പോത്തും ഒരുക്കി ഒരുവൻ ചെന്നാൽ മതിയെന്നു അവൻ സമ്മതിച്ചു. ഇന്നു് എന്റെ മകന്റെ മുറയാണു്. ഞാൻ പോകാമെന്നു് വച്ചാൽ ഇവരൊക്കെ നിരാശ്രയരായിപ്പോകുമല്ലോ.


കുന്തി:— അയ്യോ ഉള്ളോ! അതിനു വഴിയുണ്ടു്. എനിക്കു അഞ്ചു മക്കളുണ്ടു്. അവരിൽ ഒരുത്തനെ അയച്ചേയ്ക്കാം. നിങ്ങൾ വിഷമിക്കേണ്ട.

ബ്രാഹ്മ:— ശാന്തം പാപം! എന്നെയും കുടുംബത്തെയും രക്ഷിപ്പാനായി ഒരു അതിഥിയുടെ ജീവൻ ബലി കഴിക്കുകയോ!

കുന്തി:— നിങ്ങൾ വെറുതേ ശങ്കിക്കേണ്ട ആവശ്യമില്ല. ബകനേയല്ല, നൂറു ബകന്മാർ വന്നാലും കൊന്നൊടുക്കാനുള്ള കരുത്തു് എന്റെ ആ മകനുണ്ടു്. നിങ്ങൾ മററു സാധനങ്ങളെല്ലാം ഒരുക്കി വയ്ക്കുക

അങ്ങനെ ഭീമൻ ഈ സാധനങ്ങളോടുകൂടി ബകൻ പാർക്കുന്നിടത്തു ചെന്നു. ആഹാരസാധനങ്ങൾ എല്ലാം തിന്നു തുടങ്ങി. ഇടയ്ക്കു, "ബകാ ബകാ! പങ്കു വേണമെങ്കിൽ വേഗം വാ" എന്നു ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടു ഇരുന്നു.

ബകൻ വന്നു നോക്കിയപ്പോൾ ഭീമൻ എല്ലാം തിന്നൊടുക്കുന്നതാണു് കണ്ടതു്. ഭീമൻ പറഞ്ഞു:—




തനിക്കായി കൊണ്ടു വന്ന ഭക്ഷണദ്രവ്യങ്ങളെല്ലാം ഭീമൻ തിന്നു
തീൎക്കുന്നതു കണ്ടു കൊണ്ടു വന്ന ബകൻെറ കോപാവേശം

"ഞാൻ നിങ്ങൾക്കു ജോലി കുറയ്ക്കുകയാണ്. ഇതൊക്കെ ഞാൻ തിന്നു തീരുമ്പോൾ നിങ്ങൾക്കു എന്നെ തിന്നാൽ മതിയല്ലോ"

ചുരുക്കിപ്പറഞ്ഞാൽ പതിനായിരം ആനകളുടെ ബലം ഉണ്ടായിരുന്നിട്ടും ബകൻ ഭീമന്റെ കൈയ്ക്കു് ഇരയായിത്തീർന്നു. ആ നഗരം എന്നെന്നേക്കുമായി രക്ഷപ്പെടുകയും ചെയ്തു. ബ്രാഹ്മണൻ കുന്തിയേയും പുത്രന്മാരെയും അനുഗ്രഹിച്ചയച്ചു എന്നു പറയേണ്ടതില്ലല്ലോ.

## 7. ഒരു ചിരി വരുത്തിയ വിന

അരക്കില്ലത്തിൽ നിന്നും വിദുരസഹായത്താൽ രക്ഷപ്പെട്ട പാണ്ഡവന്മാർ വനവാസം ചെയ്തുകൊണ്ടിരുന്ന കാലത്തു് പാഞ്ചാലിയുടെ സ്വയംവരം നടക്കുന്നതായി കേട്ടു. അവർ ബ്രഹ്മചാരികളുടെ വേഷത്തിൽ പാഞ്ചാലരാജധാനിയിൽ ചെന്നു. കറങ്ങുന്ന ഒരു യന്ത്രത്തിൽ ഘടിപ്പിച്ചിരുന്ന പഞ്ചവർണ്ണക്കിളിയുടെ തലയിൽ അഞ്ചു ശരങ്ങൾ കൊള്ളിക്കാൻ കഴിയുന്നവനു മാത്രമേ തന്റെ പുത്രിയെ കൊടുക്കുകയുള്ളു എന്നു് ദ്രുപദരാജാവു നിശ്ചയം ചെയ്തിരുന്നു. എല്ലാ രാജാക്കന്മാരും ആ രാജധാനിയിൽ കൂടിയിരുന്നു. ശിശുപാലൻ, ശല്യൻ, ജരാസന്ധൻ എന്നീ പ്രതാപശാലികളെല്ലാം പഠിച്ച പണി പതിനെട്ടും പയറ്റി നോക്കി. എന്നിട്ടു ഫലിച്ചില്ല. കൗരവന്മാരും ശ്രമിച്ചിട്ടു പിന്മാറി. ഒടുവിൽ അർജ്ജുനൻ എണീററിട്ടു പറഞ്ഞു:— ക്ഷത്രിയന്മാർക്കു വില്ലു കുലക്കാൻ സാധിക്കാതെ വന്നല്ലോ. സ്വയംവരം മുടങ്ങുന്നതു കഷ്ടമാണു്. ഇനി ബ്രാഹ്മണനായ ഞാൻ ഒന്നു നോക്കട്ടെ എന്നു പറഞ്ഞിട്ടു് അദ്ദേഹം വില്ലെടുത്തു കുലച്ചു ശരം തൊടുത്തു. അരനിമിഷത്തിനുള്ളിൽ കിളിയുടെ ശിരസ്സു് അററു വീണു.

കണ്ടു നിന്ന ക്ഷത്രിയന്മാരെല്ലാം അർജ്ജുനനോടു് പോരിനു പുറപ്പെട്ടു. ഭീമനും അർജ്ജുനനും കൂടി അവരെ ഒക്കെ തോല്പിച്ചോടിച്ചു. അനന്തരം അവർ കന്യകയോടുകൂടി വീട്ടിലേക്കു തിരിച്ചു. ഭിക്ഷയ്ക്കു് ബ്രാഹ്മ

ണവട്ക്കളുടെ വേഷത്തിൽ പോയ മക്കളെ കാണാതെ വിഷമിച്ചിരിക്കയായിരുന്ന കന്തി. "അമ്മേ ഇന്ന കിട്ടിയ പിച്ചനോക്കു" എന്ന പറഞ്ഞുകൊണ്ടു് അവർ അകത്തേക്കു കയറി "എന്തെങ്കിലും ആകട്ടെ നിങ്ങളെല്ലാവരും കൂടി ഭുജിച്ചു കൊള്ളുവിൻ" എന്ന പറഞ്ഞു് വാതിൽ തുറന്നു നോക്കിയപ്പോഴാണു് കഥ മനസ്സിലായതു്. ഇനി എന്തു നിവൃത്തി? കുന്തിയുടെ വാക്കു വ്യർത്ഥമാകുന്നതു മഹാപാപം. അഞ്ചുപേരും കൂടി ഒരുത്തിയെ ഭാര്യയാക്കുന്നതു ലോകാചാരത്തിന വിരുദ്ധവുമാണു്. ഇങ്ങനെ വിഷമിച്ചിരിക്കുന്ന പാണ്ഡവന്മാരുടെ സമീപം വ്യാസൻ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം പാഞ്ചാലിയുടെ പൂർവ്വജന്മവൃത്താന്തം പറഞ്ഞു കേൾപ്പിച്ചു് അവരെ അഞ്ചുപേരേക്കൊണ്ടും അവളെ കല്യാണം കഴിപ്പിച്ചു.

ദ്രുപദൻ നൽകിയ സൈന്യത്തോടും വിപുലമായ സമ്പത്തോടുംകൂടി പാണ്ഡവർ നാട്ടിൽ തിരിച്ചെത്തിയപ്പോൾ ധൃതരാഷ്ട്രർ അവൎക്കു ഖാണ്ഡവപ്രസ്ഥം എന്ന നാടു നല്കി. അവിടെ ഇന്ദ്രപ്രസ്ഥം എന്നൊരു രാജധാനിയും പണിയിച്ചു കൊടുത്തു.

പാഞ്ചാലി ഓരോ കൊല്ലം ഓരോ പാണ്ഡവന്റെ ഭാര്യയായിരുന്നു കൊള്ളണമെന്നും ഭാര്യയും ഭർത്താവും സൈ്വരമായി സഞ്ചരിച്ചു കൊണ്ടിരിക്കുന്ന സമയത്തു് മറ്റൊരുത്തൻ അറിഞ്ഞോ അറിയാതെയോ അവിടെ കടന്നു ചെന്നാൽ അയാൾ ഒരു വർഷം തീർത്ഥയാത്ര നടത്തണമെന്നും ആയിരുന്നു വ്യവസ്ഥ. ഒരു ദിവസം അർജ്ജുനനു് അന്തഃപുരത്തിൽ കടക്കാതെ നിവൃത്തിയില്ലെന്നു വന്നു. അരമനയ്ക്കുള്ളിൽ ധർമ്മപുത്രരും പത്നിയും സല്ലപിച്ചു കൊണ്ടിരിക്കയായിരുന്നു. അതിനാൽ അദ്ദേഹം ഒരു കൊല്ലക്കാലം തീർത്ഥയാത്ര നടത്തി. അതിനിടക്കു് ഖാണ്ഡവവനം ദഹിപ്പിക്കുന്നതിൽ അഗ്നിക്കു് പിന്തുണയായി നിന്ന അർജ്ജുനനു് ഗാണ്ഡീവം

എന്ന വില്ലു ലഭിച്ചു. ആ വനത്തിൽ നിന്നു രക്ഷപ്പെടാൻ മയൻ എന്ന അസുരശില്പിക്കു് വേണ്ട ഒത്താശ ചെയ്തു കൊടുത്തതു് അർജ്ജുനനായിരുന്നു.

മയൻ കൃതജ്ഞതാപൂർവ്വം പാണ്ഡവന്മാർക്കു് ഇന്ദ്രപ്രസ്ഥത്തിൽ മണിമയമായ ഒരു അത്ഭുതഗൃഹം പണിഞ്ഞു കൊടുത്തു. ഭിത്തികളും തൂണുകളും പൊന്മയങ്ങളും രത്നഖചിതവും ആയിരുന്നു. സ്ഫടികം കൊണ്ടുള്ള കല്പടകളോടു കൂടിയ തടാകങ്ങളിൽ രത്നനിർമ്മിതങ്ങളായ പൂക്കൾ കൂമ്പിയും വിടർന്നും നിന്നിരുന്നു. വെള്ളമുള്ള ദിക്കിൽ അതില്ലെന്നും അതില്ലാത്തിടത്തു് ജലമുണ്ടെന്നും തോന്നുമാറാണു് സഭാഗൃഹത്തിലെ തറ നിർമ്മിച്ചിരുന്നതു്. തുറന്നു കിടക്കുന്ന വാതിൽ അടച്ചിരിക്കും പോലെയും അടച്ചിരിക്കുന്ന വാതിൽ തുറന്നു കിടക്കും പോലെയും തോന്നിച്ചു.

ഒരു ദിവസം ദുര്യോധനൻ പരിവാരസമേതം ഈ സഭാഗൃഹം കാണ്മാൻ എഴുന്നള്ളി. വിലയേറിയ രത്നാഭരണങ്ങളും പട്ടുവസ്ത്രങ്ങളും ധരിച്ചു സുന്ദരവിഗ്രഹിയെപ്പോലെ ചെന്ന ദുര്യോധനൻ പളുങ്കുതറകണ്ടു് ജലമാണെന്നു ശങ്കിച്ചു. ഉടയാടകൾ ഒതുക്കി കേററി. ജലാശയം വെറും തറയെന്നു് ഭ്രമിച്ചു് വെള്ളത്തിൽ ചാടി. അടഞ്ഞിരുന്ന വാതിൽ തുറന്നു കിടക്കയാണെന്നു വിചാരിച്ചു അകത്തു കേറാൻ ഭാവിക്കവേ തല പൊളിഞ്ഞു. ഇതെല്ലാം കണ്ടു കൊണ്ടിരുന്ന ദ്രൌപദി പൊട്ടിച്ചിരിച്ചു പോയി.

ആ ചിരി പാണ്ഡവന്മാർക്കു എന്തെല്ലാം വിനകൾ വരുത്തി. ചൂതുകളിയിൽ രാജ്യം മുഴുവനും കൌരവന്മാർ അപഹരിച്ചതും ദ്രൌപദീവസ്ത്രാക്ഷേപവും പാണ്ഡവന്മാരുടെ വനവാസവും ഒക്കെ അതിന്റെ ഫലമായിരുന്നു എന്നു പറഞ്ഞാൽ തെററില്ല.

## 8. ഒരു വീരവനിത

പുരാണ വനിതമാരിൽ ദ്രൌപദിക്കു് അത്യുന്നതമായ ഒരു സ്ഥാനമുണ്ടു്. കള്ളച്ചൂതിൽ ശകുനി ധർമ്മപുത്രരെ തോല്പിച്ചു. ധർമ്മപുത്രർ ആദ്യം രാജ്യത്തെയും പിന്നീടു് സഹോദരന്മാരെയും കൌരവന്നു പണയപ്പെടുത്തി ഒടുവിൽ ദ്രൌപദിയേയും പണയം വച്ചു തോററു.

പാഞ്ചാലിയെ പിടിച്ചു സഭയിൽ ഹാജരാക്കാൻ കൌരവൻ കല്പന പുറപ്പെടുവിച്ചു. രാജകിങ്കരൻ അവളുടെ അണിയറയിൽ സിംഹിയുടെ ഗുഹയിൽ നരി എന്ന പോലെ കയറിച്ചെന്നപ്പോൾ "മുമ്പേ പണയം വച്ചതു് എന്നെയോ ധർമ്മനന്ദനനെയോ എന്നു അദ്ദേഹത്തിനോടു ചോദിച്ചിട്ടുവാ" എന്നു ആ വീരപത്നി ഗർജ്ജിച്ചു.

പാണ്ഡവൻ എന്തു മറുപടി പറയാനാണു് "അവൾ നേരിട്ടു വന്നു ചോദിക്കട്ടെ" എന്നു പറഞ്ഞു ദുര്യോധനൻ കിങ്കരനെ വീണ്ടും അയച്ചു. അവൻ ആലില പോലെ വിറക്കുന്നതു കണ്ടു് ദുശ്ശാസനൻ മുടിയിൽ പിടിച്ചു വലിച്ചിഴച്ചു് അവളെ സഭാമദ്ധ്യത്തിൽ ഇട്ടു. ഭീഷ്മദ്രോണാദികളോ രാജാക്കന്മാരോ "കമാ" എന്നു മിണ്ടിയില്ല. പാഞ്ചാലി കോപാവേശത്തോടുകൂടി പറഞ്ഞു:—




യാജ്ഞസേനി രൌദ്രഭാവത്തിൽ കൌരവന്മാർക്കു ശാപം നല്കുന്നതു്.

"ഇതു രാജസഭയാണെന്നു ഞാൻ വിചാരിച്ചു. അതു അബദ്ധമായിപ്പോയി. സ്വയം പണയത്തിൽപ്പെട്ട ഒരാൾക്കു് സ്വതന്ത്രയായ എന്നെ പണയം വക്കുവാനുള്ള അധികാരം എവിടെ നിന്നു കിട്ടി" ഭീഷ്മർ പറഞ്ഞു:— "പാഞ്ചാലിയുടെ അഭിപ്രായം ശരിയാണു്. എന്നാൽ ഭർത്താവിനു ഭാര്യയുടെ മേൽ എല്ലാ അധികാരവും ഉണ്ടായിരിക്കയും ചെയ്യും."

ദുശ്ശാസനൻ അതിനുശേഷം സഭയിൽ വച്ചു് അവളുടെ ചേലയിൽ കടന്നു പിടിച്ചു. ആരും ഒരക്ഷരവും മിണ്ടിയില്ല. ആരുമൊരു തുണയില്ലാത്ത ആ സതീരത്നം ആപദ്ബന്ധുവായ ശ്രീകൃഷ്ണനെ ധ്യാനിച്ചു. ഭഗവാന്റെ അനുഗ്രഹത്താൽ പാഞ്ചാലിയുടെ ഉടുപുടവയ്ക്കു അറുതിയില്ലാതെ വന്നു. ദുശ്ശാസനന്റെ കൈ തളർന്നു. ശരീരം വിയർത്തു. ഒടുവിൽ ഇളിഭ്യനായി അദ്ദേഹം പിൻവാങ്ങി.

ഭർത്താക്കന്മാരുടെ നിസ്സഹായാവസ്ഥ കണ്ടിട്ടു് കൌരവകുലത്തിനു അറുതി വരുത്താനുള്ള മാർഗ്ഗം അവൾ തന്നെ ഉണ്ടാക്കി. ശാപാഗ്നിയിൽ അവരെ ദഹിപ്പിച്ചു കളഞ്ഞാൽ അതു നിമിത്തം പാണ്ഡവന്മാരുടെ ദുര്യശസ്സു ഒരിക്കലും നീങ്ങുകയില്ലെന്നു വിചാരിച്ചു് "ധാർത്തരാഷ്ട്രന്മാരെ! നിങ്ങളെല്ലാം ഭീമന്റെ ഗദയ്ക്കു ഇരയാകട്ടെ. സഭാമദ്ധ്യേ അസഭ്യം പുലമ്പിയ കർണ്ണനെ അർജ്ജുനൻ ഹനിക്കട്ടെ! കള്ളച്ചൂതാടിയ ശകുനിയെ സഹദേവൻ കൊല്ലട്ടേ" എന്നിങ്ങനെ അവൾ ശാപമിട്ടു.

ഈ ശാപം കേട്ടപ്പോൾ ധൃതരാഷ്ട്രർ നടുങ്ങി. ഭീഷ്മാദി ഗുരുജനങ്ങൾ വരാൻ പോകുന്ന വിപത്തിനെ ചൂണ്ടിക്കാണിക്കയാൽ

അദ്ദേഹം പാഞ്ചാലിയുടെ വാക്കനുസരിച്ച് പാണ്ഡവന്മാരുടെ അടിമത്തവും അവളുടെ ദാസ്യവും ഒഴിച്ചു വിട്ടു. പക്ഷെ വരാനുള്ളതു വഴിയിൽ തങ്ങുമോ? കൌരവന്മാർ വീണ്ടും ധർമ്മപുത്രരെ ചൂതിനു വിളിച്ചു. അതിലും തോല്ക്കയാൽ പാണ്ഡവന്മാർ പന്ത്രണ്ടു വർഷത്തെ വനവാസവും ഒരു കൊല്ലത്തെ അജ്ഞാതവാസവും അനുഭവിക്കേണ്ടി വന്നു.

വനവാസത്തിനിടക്ക് ദ്രൌപദി സൂര്യനെ തപസ്സു ചെയ്തു അക്ഷയപാത്രം നേടി; അവരെ നശിപ്പിക്കാനായി ദുര്യോധനൻ പറഞ്ഞയച്ചു ദുർവ്വാസാവിനെ ഇളിഭ്യനാക്കി വിട്ടു. അജ്ഞാത വാസകാലത്ത് കീചകനേയും കൂട്ടരേയും വധിപ്പിച്ചു.

ഇക്കാലമത്രയും അന്ന് സഭാമദ്ധ്യത്തു വച്ചു അഴിഞ്ഞ തലമുടി അവൾ കെട്ടിയിരുന്നില്ല. അജ്ഞാതവാസം കഴിഞ്ഞു നാട്ടിലേക്ക് മടങ്ങിയതിനു ശേഷം ഉണ്ടായ പതിനെട്ടാം യുദ്ധത്തിൽ ദുര്യോധനന്റെയും ദുശ്ശാസനന്റെയും ചുടുരക്തം പുരട്ടിയിട്ടേ അവൾ അതു വീണ്ടും കെട്ടുകയുണ്ടായുള്ളു.

യുധിഷ്ഠിരന്റെ സിംഹാസനാരോഹണശേഷം, പാഞ്ചാലി ദീർഘകാലം സുഖമായി വാണു.

ഹിന്ദുക്കൾ പാഞ്ചാലിയെ പ്രഭാതവേളയിൽ എന്നും സ്മരിക്കേണ്ട പഞ്ചകന്യകകളിൽ ഒന്നായി ഗണിച്ചു പൂജിച്ചു പോരുന്നു.

The Mahatma Printing Works, Thycaud, Trivandrum

245

COVER PRINTED AT THE GOVERNMENT PRESS,
TRIVANDRUM, 1961.